# കേരള സർവകലാശാല

നം. പി.ആർ.037/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ ഇംഗ്ലീഷ് ഫലം: ഒന്നാം റാങ്ക് ശ്രീജയ്ക്ക്

കേരള സർവകലാശാല ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (നോൺ സെമസ്റ്റർ - ഫൈനൽ & പ്രീവിയസ് - എസ്.ഡി.ഇ/എൽ.എസ്.സി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ശ്രീജ സി.വി (രജി.നം 32622) ഒന്നാം റാങ്ക് നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 23 വരെ അപേക്ഷിക്കാം.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 18-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) - (2011-12-ന് മുമ്പുള്ള അഡ്മിഷൻ), മേയ് മൂന്നിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം - 2011-12-ന് മുമ്പുള്ള അഡ്മിഷൻ), ഏപ്രിൽ 25-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം - 2011-12-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 30 (50 രൂപ പിഴയോടെ ഏപ്രിൽ രണ്ട്, 250 രൂപ പിഴയോടെ ഏപ്രിൽ നാല്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം. മറ്റ് ഫീസ് വിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിലെ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി), നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി), ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷകൾക്ക് മാർച്ച് 21 മുതൽ ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. (50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 250 രൂപ പിഴയോടെ ഏപ്രിൽ ഏഴ്) വരെ അപേക്ഷിക്കാം.

ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - റഗുലർ) പരീക്ഷയ്ക്ക് മാർച്ച് 21 മുതൽ ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 30 (50 രൂപ പിഴയോടെ ഏപ്രിൽ രണ്ട്, 250 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്) വരെ അപേക്ഷിക്കാം.

കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം - ട്രാൻസറ്ററി), നാല്, ആറ് സെമസ്റ്റർ ബി.ടെക് (2008 സ്കീം - ട്രാൻസിറ്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ രണ്ട് (50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 250 രൂപ പിഴയോടെ ഏപ്രിൽ ഏഴ്) വരെ അപേക്ഷിക്കാം. .

റഗുലർ വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200 രൂപ + ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 30 രൂപ) അടയ്ക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾ സി.വി ക്യാമ്പ് ഫീസായി പേപ്പർ ഒന്നിന് 50 രൂപ (പരമാവധി 200 രൂപ), ഓൺലൈൻ രജിസ്ട്രേഷൻ ഫീസായി 30 രൂപയും അടയ്ക്കണം. ട്രാൻസിറ്ററി വിദ്യാർത്ഥികൾ അപേക്ഷകൾ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കണം.

## ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല 2016 ഏപ്രിൽ നാലിന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്.എസ്) പരീക്ഷാടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം മാർച്ച് 23-ന് തുടങ്ങാനിരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പരീക്ഷകൾ ഏപ്രിൽ ഒന്നിന് തുടങ്ങും. പുതുക്കിയ ടൈംടേബിൾ പരീക്ഷാകേന്ദ്രങ്ങളിൽ പ്രസിദ്ധീകരിച്ചു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല. പാളയം സി.എ.സി.ഇ.ഇ, ആറ്റിങ്ങൽ ഗവ. കോളേജ് എന്നിവിടങ്ങളായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടങ്ങുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു. താൽപര്യമുള്ളവർ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 31. ഫോൺ. 0474-2712240.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി ഡിഗ്രി ഇൻ ലോ (ത്രിവത്സരം എൽ.എൽ.ബി - റഗുലർ & സപ്ലിമെന്ററി - ഈവനിംഗ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

## പ്രോജക്ട് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പഠനവകുപ്പിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് എന്നിവയുടെ സഹായത്തോടെ നടത്തുന്ന രണ്ട് ഗവേഷണ പ്രോജക്ടുകളിൽ പ്രോജക്ട് ഫെലോയുടെ താൽക്കാലിക ഒഴിവ് ഉണ്ട്. അക്വാട്ടിക് ബയോളജി/ ഫിഷറീസ്/മറൈൻ ബയോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ടാക്സോണമിയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷകൾ വിശദമായ ബയോഡേറ്റ സഹിതം മാർച്ച് 31-നകം ഡോ. എ ബിജുകുമാർ, വകുപ്പ് മേധാവി, അക്വാട്ടിക് ബയോളജി & ഫിഷറീസ്

പഠനവകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം 695 581 എന്ന വിലാസത്തിൽ അയയ്ക്കണം.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 28-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം /റഗുലർ - ഈവനിംഗ്/ട്രാവൽ ആൻഡ് ടൂറിസം/യു.ഐ.എം) (2014 സ്കീം - റഗുലർ മാത്രം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
19.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**